# ക്വട്ടേഷൻ നോട്ടീസ്

നമ്പർ : 106/DOT/VEH/ANERT/2017 തീയതി : 16/12/2017

അനെർട്ടിന്റെ തിരുവനന്തപുരം ജില്ലാ കാര്യാലയത്തിന്റെയും കേന്ദ്ര-കാര്യാലയത്തിന്റെയും ആവശ്യത്തിലേയ്ക്ക് ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ കാർ വാടകയ്ക്ക് നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നു. രജിസ്റ്റർ ചെയ്ത വാഹന ഉടമകൾക്ക് ക്വട്ടേഷനിൽ പങ്കെടുക്കാം.

1. ക്വട്ടേഷൻ ലഭിച്ചാൽ 14 ദിവസത്തിനുള്ളിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. കരാറിൽ ഏർപ്പെടുന്നില്ലായെങ്കിൽ ക്വട്ടേഷൻ റദ്ദാക്കുന്നതാണ്. ഇങ്ങനെ റദ്ദാക്കപ്പെടുന്ന ക്വട്ടേഷൻ ലഭിച്ചവരെ തുടർന്നുള്ള അനെർട്ടിന്റെ ക്വട്ടേഷനുകളിൽ നിന്ന് ഒഴിവാക്കുന്നതാണ്.
2. ഒരു മാസത്തേയ്ക്ക് വീതമുള്ള കരാർ തുകയാണ് ക്വോട്ട് ചെയ്യേണ്ടത്. ഇതോടൊപ്പമുള്ള Schedule Form പ്രകാരമാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.
3. കരാർ കാലാവധിയ്ക്കുള്ളിൽ കരാർ തുകയിൽ വർദ്ധനവ് വരുത്തുന്നതല്ല.
4. ക്വട്ടേഷൻ തുകയിൽ വിവിധ നികുതികൾ, ഇൻഷ്വറൻസ് പ്രിമീയം, ഇന്ധനവില, പരിപാലനം എന്നിവ ഉൾപ്പെടുന്നതാണ്. ഇത് വാഹന ഉടമ വഹിയ്ക്കേണ്ടതാണ്.
5. കാർ 4 വർഷത്തിലധികം പഴക്കം ഇല്ലാത്തതും, 1000 CC-യിൽ കുറയാത്തതും Air conditioned ചെയ്തതും ആയിരിക്കണം.
6. മോട്ടോർ വെഹിക്കിൾ ആക്ട് 1968 അനുസരിച്ചുള്ള ബാധ്യത, വാഹനം അപകടത്തിൽപ്പെട്ടാൽ ഐ.പി.സി പ്രകാരമുള്ള നടപടികൾ എന്നിവയ്ക്ക് അനെർട്ടിന് യാതൊരു വിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.
7. വാഹനത്തിന്റെ ഡ്രൈവറെ ചുമതലപ്പെടുത്തുന്നതും അവർക്ക് തൊഴിൽ നിയമ മനുസരിച്ചുള്ള വേതനം നൽകുന്നതും വാഹന ഉടമയുടെ ചുമതലയാണ്.
8. ക്വട്ടേഷൻ സമർപ്പിക്കുന്നതോടൊപ്പം നൽകുന്ന അനെർട്ടിന്റെ വ്യവസ്ഥകൾക്കപ്പുറമുള്ള വ്യവസ്ഥകൾ സ്വീകരിക്കുന്നതല്ല.
9. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ രജിസ്റ്റർ ചെയ്ത വാഹന ഉടമയായിരിക്കണം. വാഹനത്തിന് നിയമപ്രകാരമുള്ള ടാക്സി പെർമിറ്റ് ഉണ്ടായിരിക്കണം.
10. ക്വട്ടേഷൻ പ്രകാരം കരാർ ലഭിക്കുന്ന വാഹന ഉടമ 5,000 രൂപയുടെ ബാങ്ക് ഗ്യാരൻറി/ഫിക്സഡ് ഡെപ്പോസിറ്റ് അനെർട്ട് ഡയറക്ടറുടെ പേരിൽ ഒരു വർഷത്തേയ്ക്ക് നൽകേണ്ടതാണ്.
11. ഏതെങ്കിലും ദിവസങ്ങളിൽ വാഹനം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്ത സാഹചര്യത്തിൽ അതിന്റെ പെനാൽറ്റി ആയി 1000 രൂപ ദിനംപ്രതി ഈടാക്കുന്നതാണ്.
12. വാടകയിൽ നിന്ന് നിയമാനുസൃതമുള്ള TDS പിടിക്കുന്നതാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും: **28-12-2017 2 pm**
ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും : **28-12-2017 3 pm**

പകർപ്പ്:1) നോട്ടീസ് ബോർഡ്, അനെർട്ട് ജില്ലാ കാര്യാലയം, തിരുവനന്തപുരം
2) നോട്ടീസ് ബോർഡ്, അനെർട്ട് കേന്ദ്ര കാര്യാലയം,
3) അനെർട്ട് വെബ് സൈറ്റ്

<u>ക്വട്ടേഷൻ നൽകേണ്ട വിലാസം</u>
ജില്ലാ എൻജിനീയർ
അനെർട്ട് തിരുവനന്തപുരം ജില്ലാ കാര്യാലയം
പി.എം.ജി, ലോ കോളേജ് റോഡ്,
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം-695033

ഒപ്പ്
ജില്ലാ എൻജിനീയർ/പ്രോഗ്രാം ഓഫീസർ